**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4076

16.12.2014-ലെ മറുപടിയ്ക്ക്

## വൈക്കം മണ്ഡലത്തിലെ കൺസ്യൂമർഫെഡ്, നന്മ സ്റ്റോറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |

(എ) വൈക്കം മണ്ഡലത്തിലെ കൺസ്യൂമർഫെഡ്, നന്മ സ്റ്റോറുകൾ എവിടെയൊക്കെ പ്രവർത്തിക്കുന്നു എന്നും പ്രസ്തുത സ്റ്റോറുകൾ എന്നു മുതൽ ആരംഭിച്ചതാണെന്നും വ്യക്തമാക്കുമോ;

(എ) വൈക്കം മണ്ഡലത്തിലെ കൺസ്യൂമർഫെഡ് നന്മ സ്റ്റോറുകൾ വെച്ചൂർ, ബ്രഹ്മമംഗലം, മറവൻതുരുത്ത്, ഇരുമ്പയം, വൈക്കം എന്നീ സ്ഥലങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. ഇവ ആരംഭിച്ച തീയതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നന്മ സ്റ്റോർ സ്ഥിതി ചെയ്യുന്ന സ്ഥലം | ആരംഭിച്ച തീയതി |
|---|---|---|
| 1 | വെച്ചൂർ | 23/08/12 |
| 2 | ബ്രഹ്മമംഗലം | 23/08/12 |
| 3 | മറവൻതുരുത്ത് | 23/08/12 |
| 4 | ഇരുമ്പയം | 30/04/13 |
| 5 | വൈക്കം | 01/07/14 |

(ബി) വൈക്കം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ ഫെഡിന്റെ സ്റ്റോറുകളിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) ജയ അരി, കുറുവ അരി, കുത്തരി, പച്ചരി, പഞ്ചസാര, വെളിച്ചെണ്ണ, മുളക്, മല്ലി, ചെറുപയർ, ഉഴുന്ന് എന്നീ പത്ത് ഉൽപ്പന്നങ്ങൾ.

(സി) വൈക്കത്തെ കൺസ്യൂമർഫെഡ്, നന്മ മൊബൈൽ സ്റ്റോറുകളുടെ കഴിഞ്ഞ ഫെബ്രുവരി വരെയുള്ള 6 മാസത്തെ

(സി) വൈക്കത്തെ കൺസ്യൂമർഫെഡ് നന്മ/മൊബൈൽ സ്റ്റോറുകളുടെ കഴിഞ്ഞ ഫെബ്രുവരി വരെയുള്ള 6 മാസത്തെ വിറ്റുവരവ്

| | |
|---|---|
| വിറ്റുവരവ് കണക്കുകൾ വെളിപ്പെടുത്തുമോ; | ചുവടെ ചേർക്കുന്നു. |

| ക്രമ നം. | സ്റ്റോറിന്റെ പേര് | നന്മ സ്റ്റോർ | മൊബൈൽ ത്രിവേണി |
|---|---|---|---|
| 1 | വെച്ചൂർ | 13,52,111.64 | - |
| 2 | ബ്രഹ്മമംഗലം | 6,64,323.31 | - |
| 3 | മറവൻതുരുത്ത് | 6,00,005.88 | - |
| 4 | ഇരുമ്പയം | 7,21,430.27 | - |
| 5 | വൈക്കം (1.7.2014 ന് ത്രിവേണി സ്റ്റോർ നന്മ സ്റ്റോറാക്കി പരിവർത്തനം ചെയ്തത്) | ഈ കാലയളവിൽ നന്മ വിൽപ്പന ഇല്ല | |
| 6 | മൊബൈൽ ത്രിവേണി വൈക്കം | - | 27,16,073.42 |

(ഡി) വൈക്കത്തെ കൺസ്യൂമർഫെഡ്, നന്മ മൊബൈൽ ഷോറൂമുകളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്നും ഏതെല്ലാം തസ്തികകളിൽ , എത്ര ജീവനക്കാർ വീതമാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ?

(ഡി) നന്മ/മൊബൈൽ ഷോറൂമുകളിൽ ഒരു ഡ്രൈവർ ഉൾപ്പെടെ 13 ജീവനക്കാർ ജോലി ചെയ്യുന്നു. ഇവർ എല്ലാവരും ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്.

| ക്രമ നം. | സ്റ്റോറിന്റെ പേര് | ജീവനക്കാരുടെ എണ്ണം | തസ്തിക |
|---|---|---|---|
| 1 | നന്മ സ്റ്റോർ വെച്ചൂർ | 2 | ദിവസ പ്രതിഫലം |
| 2 | നന്മ സ്റ്റോർ ബ്രഹ്മമംഗലം | 2 | ദിവസ പ്രതിഫലം |
| 3 | നന്മ സ്റ്റോർ മറവൻതുരുത്ത് | 2 | ദിവസ പ്രതിഫലം |
| 4 | നന്മ സ്റ്റോർ ഇരുമ്പയം | 2 | ദിവസ പ്രതിഫലം |
| 5 | നന്മ സ്റ്റോർ വൈക്കം | 2 | ദിവസ പ്രതിഫലം |
| 6 | മൊബൈൽ ത്രിവേണി വൈക്കം | 2<br>1 | ദിവസ പ്രതിഫലം<br>ഡ്രൈവർ (ദിവസ വേതനാടിസ്ഥാനത്തിൽ) |

സെക്ഷൻ ഓഫീസർ